**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6208** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആകെ എത്ര വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 1394 ജനറൽ വിഭാഗത്തിലുള്ള വീട്ടുകൾക്കും *(ഇതിൽ 1134 ബി പി എൽ വിഭാഗത്തിലുള്ള വീട്ടുകൾക്കും)* 244 പട്ടികജാതി വിഭാഗത്തിലുള്ള വീട്ടുകൾക്കും 3 പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വീട്ടുകൾക്കും ഉൾപ്പെടെ ആകെ 1641 വീട്ടുകൾക്കു വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീ-കരിക്കുന്നതിനായി ആകെ 132.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീട്ടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത വീട്ടുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിന് ആകെ എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | വയറിങ്ങ് പൂർത്തീകരിക്കാത്തതോ വയറിങ്ങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീട്ടുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ - ൽ ലഭ്യമല്ല. എന്നാൽ വയറിങ്ങ് പൂർത്തീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി .എൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ